# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4114 – 13/12/2018 -ലെ മറുപടിക്ക്

## റീബിൽഡ് കേരള ഇനിഷിയേറ്റീവിന്റെ ഉപദേശക സമിതി

**ചോദ്യം** | **ഉത്തരം**

ശ്രീ. മുല്ലക്കര രത്നാകരൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | റീബിൽഡ് കേരള ഇനിഷിയേറ്റീവിന്റെ ഉപദേശക സമിതിയിൽ ധനവകുപ്പിന് പ്രാതിനിധ്യം ഉണ്ടോ എന്ന് വ്യക്തമാക്കുമോ; കേരള പുനർനിർമ്മാണത്തിന് വിഭവ സമാഹരണം പ്രതിസന്ധിയിലായ സാഹചര്യമുണ്ടായിട്ടും ധനമന്ത്രിയെ പ്രസ്തുത സമിതിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണമെന്താണെന്ന് ധനവകുപ്പിനെ അറിയിച്ചിട്ടുണ്ടോ വിശദമാക്കാമോ; | 09.11.2018-ലെ സ.ഉ.(പി) നം. 16/2018/ P&EA പ്രകാരം രൂപീകരിച്ചിട്ടുള്ള റീബിൽഡ് കേരള ഇനീഷിയേറ്റീവിന്റെ institutional arrangement-ലെ ഏറ്റവും ഉന്നതമായ സമിതി മന്ത്രിസഭയാണ്. ഇതിനു താഴെയായി വരുന്ന, 20 അംഗങ്ങളിൽ കൂടാത്ത ഉപദേശക സമിതിയിൽ, ഭരണ വകുപ്പുകളിൽ നിന്നും തെരഞ്ഞെടുത്ത വകുപ്പുകളുടെ മന്ത്രിമാരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ്, മന്ത്രിസഭയ്ക്കും ഉപദേശക സമിതിക്കും മുൻപാകെ സമർപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ പരിശോധിക്കാനുള്ള ഉന്നതാധികാര സമിതി (High Level Empowered Committee) രൂപീകരിച്ചിട്ടുള്ളത്. |
| ബി | ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി എത്ര തുക വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ? | ഉപദേശക സമിതി അംഗങ്ങൾക്ക് പ്രത്യേകമായി പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ